**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4048** **28-06-2024 - ൽ മറുപടിയ്ക്ക്**

**ആലുവ ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്കിൽ ന്യൂക്ലിക്ക് ആസിഡ് ടെസ്റ്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലുവ ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽ ന്യൂക്ലിക്ക് ആസിഡ് ടെസ്റ്റ് സംവിധാനം ഏർപ്പെടുത്തണമെന്ന (ഫയൽ നമ്പർ E/7708798/23/M (H,W&CD) അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ആലുവ ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽ ന്യൂക്ലിക്ക് ആസിഡ് ടെസ്റ്റ് സംവിധാനം (NAT) ഏർപ്പെടുത്തണമെന്ന (ഫയൽ നമ്പർ E/7708798/23/M (H,W&CD) അപേക്ഷയിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 10/10/2023 തീയതിയിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ, 31/10/2023 തീയതിയിലെ കത്ത് പ്രകാരം കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (KSACS) പ്രോജക്ട് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് തേടുകയും, 04/01/2024 തീയതിൽ റിപ്പോർട്ട് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇതേ ആവശ്യം സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 13.05.2024 തീയതിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ KSACS പ്രൊജക്ട് ഡയറക്ടർക്ക് കത്ത് നൽകുകയും, പ്രൊജക്ട് ഡയറക്ടർ 22.06.2024-ലെ കത്ത് പ്രകാരം ആലുവ ജില്ലാ ആശുപത്രിയിൽ NAT സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലുവ ജില്ലാ ആശുപത്രി ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർക്ക് 17.05.2024-ൽ മറുപടി നൽകിയിട്ടുണ്ടെന്ന വിവരം ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തു. ആലുവാ ജില്ലാ ആശുപത്രിയുടെ സ്വന്തം ഫണ്ട് ഉപയോഗിച്ച് രക്ത ബാങ്കിൽ സംവിധാനം ഒരുക്കുന്നതിന് തടസ്സമില്ലായെന്നും ദേശീയ/ സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലുകളുടെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ടി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ നടത്തിയ പ്രധാനപ്പെട്ട കത്തിടപാടുകളുടെയും, റിപ്പോർട്ടുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; പ്രസ്തുത വിഷയത്തിൽ റിപ്പോർട്ടുകളെന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | **ആലുവ ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽ ന്യൂക്ലിക്ക് ആസിഡ് ടെസ്റ്റ് സംവിധാനം (NAT) ഏർപ്പെടുത്തണമെന്ന (ഫയൽ നമ്പർ E/7708798/23/M (H,W&CD) അപേക്ഷയിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 10/10/2023 തീയതിയിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ, 31/10/2023 തീയതിയിലെ കത്ത് പ്രകാരം കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (KSACS) പ്രോജക്ട് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് തേടുകയും, 04/01/2024 തീയതിൽ റിപ്പോർട്ട് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇതേ ആവശ്യം സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 13.05.2024 തീയതിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ KSACS പ്രൊജക്റ്റ് ഡയറക്ടർക്ക് കത്ത് നൽകുകയും, പ്രൊജക്റ്റ് ഡയറക്ടർ 22.06.2024-ലെ കത്ത് പ്രകാരം ആലുവ ജില്ലാ ആശുപത്രിയിൽ NAT സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലുവ ജില്ലാ ആശുപത്രി ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫിസർക്ക് 17.05.2024-ൽ മറുപടി നൽകിയിട്ടുണ്ടന്ന വിവരം ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തു. ആലുവാ ജില്ലാ ആശുപത്രിയുടെ സ്വന്തം ഫണ്ട് ഉപയോഗിച്ച് രക്ത ബാങ്കിൽ സംവിധാനം ഒരുക്കുന്നതിന് തടസ്സമില്ലായെന്നും ദേശീയ/ സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലുകളുടെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ടി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ നടത്തിയ പ്രധാനപ്പെട്ട കത്തിടപാടുകളുടെയും, റിപ്പോർട്ടുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.** |
| (സി) | ആലുവ ജില്ലാ ആശുപത്രിയിൽ ന്യൂക്ലിക്ക് ആസിഡ് ടെസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ആയത് സംബന്ധിച്ച് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, (NHM) സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

# ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) എറണാകുളം

## പാർക്ക് അവന്യൂ എറണാകുളം – 682011

☎ 0484 -2360802 ✉ dmohekmoffice@gmail.com


'ഭരണഭാഷ - മാതൃഭാഷ'

നമ്പർ. എ6–8318/2023

തീയതി: 10.10.2023

സ്വീകർത്താവ്,

ആരോഗ്യവകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം : ആരോഗ്യവകുപ്പ് – ജി.മെ.ഒ.(ആ), എറണാകുളം – ആലുവ ജില്ലാ ആശുപത്രി – റീജിയണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സെന്റർ – രോഗിക്ക് ഹെപ്പറ്റൈറ്റിസ് ബി സ്ഥിരീകരിച്ചത് – സംബന്ധിച്ച്

സൂചന: 1) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള ടെലഫോൺ സന്ദേശം
2) ആലുവ ജില്ലാ ആശുപത്രി HTC മെഡിക്കൽ ഓഫീസർ ഡോ. വിജയകുമാറിന്റെ റിപ്പോർട്ട്

**************************

ആലുവ ജില്ലാ ആശുപത്രിയിലെ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററിൽ ചികിത്സ തേടിയ ശ്രീമതി. ശബ്ന എം.ബി. എന്ന തലാസീമിയ ചികിത്സയിലുള്ള രോഗിക്ക് ഹെപ്പറ്റൈറ്റിസ് ബി സ്ഥിരീകരിച്ചതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് ഇതോടൊപ്പം മേൽ നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ മെഡിക്കൽ ഓഫീസർ (ആ)
എറണാകുളം

പകർപ്പ്:
ഫയൽ/ കരുതൽ ഫയൽ

കെ.എസ്.

## ആലുവ ജില്ലാ ആശുപത്രിയ്ക്ക് കീഴിലുള്ള ബ്ലഡ് ബാങ്കിൽ നിന്നും ബ്ലഡ് സ്വീകരിച്ചതു വഴി ചികിത്സയിൽ ഉള്ള തലസീമിയ രോഗിയ്ക്ക് ഹെപ്പറ്റൈറ്റിസ് ബി രോഗം സ്ഥിരീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട്

പത്ര റിപ്പോർട്ടിന്റെയും, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള ഫോൺ സന്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ലഭിച്ച പരാതിയിന്മേൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.സവിത.കെ നടത്തിയ അന്വേഷണ റിപ്പോർട്ട്.

ആലുവ ജില്ലാ ആശുപത്രിയോടുകൂടി വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് ആലുവ റീജിയണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സെന്റർ. ആരോഗ്യമേഖലയിൽ കേരളത്തിലെ തന്നെ ആദ്യത്തെ Blood Components Unit ആണിത്. NABH അംഗീകാരം കിട്ടിയിട്ടുള്ള ഗവൺമെന്റ് സെക്ടറിലെ ഒരേയൊരു സ്ഥാപനമാണിത്.

വർഷത്തിൽ പതിനായിരത്തോളം സാമ്പിളുകൾ സ്വീകരിക്കുകയും cross match ചെയ്യുകയും transfusion നടത്തുകയും ചെയ്ത് നല്ല നിലയിൽ പ്രവർത്തിച്ച വരികയാണ്.

ജില്ലാ ആശുപത്രി ആലുവയിൽ പ്രവർത്തിക്കുന്ന Heamophilia Treatment Centre (HTC) -ൽ ചികിത്സ തേടിയ ശബ്ന.എം.ബി എന്ന തലാസീമിയ ചികിത്സയിലുള്ള രോഗി മേൽപ്പറഞ്ഞ ബ്ലഡ് ബാങ്കിൽ നിന്നും രക്തം സ്വീകരിച്ചതു വഴി ഹെപ്പറ്റൈറ്റിസ് ബി ബാധിതയായിരിക്കുന്നു എന്നതാണ് പ്രധാന പരാതി.

Blood Transfusion – ന് മുൻപായി രോഗിയ്ക്ക് നൽകുന്ന രക്തം Hepatitis B, HCV, HIV, Sypilis, Manaria എന്നീ 5 രോഗങ്ങൾ ഉണ്ടോ എന്ന് ടെസ്റ്റ് ചെയ്യുന്നത് Elisa Test വഴിയാണ്. Elisa Test വഴി മേൽപ്പറഞ്ഞ രോഗങ്ങൾക്കുള്ള ആന്റി ബോഡികൾ ഉണ്ടോ എന്നാണ് പരിശോധിക്കുന്നത്. ആയതിനാൽ രക്തദാനം ചെയ്ത വ്യക്തിയ്ക്ക് രോഗാണു ബാധ ഉണ്ടായി. 1 മുതൽ 3 മാസം വരെ (window period) കഴിഞ്ഞാൽ മാത്രമേ antibody ഉണ്ടോ എന്ന് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

NAT (Nucleic Acid Test ) വഴി ഈ window period മൂന്നിൽ ഒന്നായി കുറയ്ക്കാൻ കഴിയും. എന്നാൽ NAT ടെസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യം കേരളത്തിൽ സർക്കാർ മേഖലയിൽ ലഭ്യമല്ല. NAT ടെസ്റ്റ് ചെയ്യുന്നതിനുള്ള മെഷീൻ സ്ഥാപിക്കുന്നതിന് 2 ½ (രണ്ടര) കോടി രൂപ ചെലവ് വരും കൂടാതെ രണ്ടര ലക്ഷം രൂപ (10%) AMC Charge, reagent-ന്റെ ചിലവ് എന്നിവ കണക്കാക്കിയാൽ വർഷം 30,000/- ടെസ്റ്റ് നടത്തിയാൽ മാത്രമേ ടെസ്റ്റിന് 1000/- രൂപ എന്ന നിരക്കിൽ ടെസ്റ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനാൽ മെഷീൻ സ്ഥാപിക്കുക എന്നത് cost effective അല്ല എന്നാണ് ആലുവ HTC ചാർജ്ജ് മെഡിക്കൽ ഓഫീസർ ഡോ.വിജയകുമാർ അഭിപ്രായപ്പെടുന്നത്.

ആർ.ആർ

**പ്രശ്ന പരിഹാരങ്ങൾ**

NAT Test-നായി പുറത്തുള്ള ഒരു സ്ഥാപനത്തിന് Out source ചെയ്യുക.

Reagent rental turn key basis – ൽ NAT Test ചെയ്യാൻ പുറത്തുള്ള ഒരു കമ്പനിയിലെ open tender വഴി സെലക്ട് ചെയ്ത അവർ തന്നെ സാമ്പിൾ കളക്ട് ചെയ്ത് സാമ്പിൾ ട്രാൻസ്പോർട്ട് ചെയ്ത് ടെസ്റ്റ് ചെയ്ത് റിസൽറ്റ് നൽകുകയാണ് ഈ പ്രക്രിയയിൽ ചെയ്യുന്നത്.

ഒരു വർഷം 30,000 സാമ്പിൾ ടെസ്റ്റ് ചെയ്യാൻ സാധിച്ചാൽ ഒരു ടെസ്റ്റിന് 800-1000 രൂപ നിരക്കിൽ ടെസ്റ്റ് ചെയ്യാൻ സാധിക്കും.

നിലവിൽ ആലുവ ജില്ലാ ആശുപത്രി ബ്ലഡ് ബാങ്കിൽ വർഷത്തിൽ 10,000 സാമ്പിൾ ആണ് ടെസ്റ്റ് ചെയ്യുന്നത്. അതിനാൽ 2 or 3 പ്രൈവറ്റ് ആശുപത്രികളിലെ സാമ്പിൾ കൂടി ഉൾപ്പെടുത്തി വർഷത്തിൽ 30,000 സാമ്പിൾ ടെസ്റ്റ് ചെയ്യുക ആണെങ്കിൽ ഒരു രോഗിയ്ക്ക് 800 രൂപ നിരക്കിൽ NAT Test ചെയ്ത് നൽകാൻ സാധിക്കും. ആസ്റ്റർ മെഡിസിറ്റി, ലിസ്സി എന്നീ സ്വകാര്യ ആശുപത്രികൾ Reagent Rental Turn Key Basis എന്ന പ്രക്രിയയിൽ പങ്കാളികളാകാൻ സന്നദ്ധതമായിട്ടുണ്ട് എന്ന് ഡോ. വിജയകുമാർ അറിയിച്ചിട്ടുണ്ട്. NAT Test-നായുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ആരോഗ്യവകുപ്പ് കേരള സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് ഡോ.വിജയകുമാർ അറിയിച്ചു. ആലുവ ജില്ലാ ആശുപത്രി ബ്ലഡ് ബാങ്കിലെ plasma sale വഴി ലഭിക്കുന്ന തുക കൂടി ഇതിനായി ഉപയോഗിക്കുവാൻ ആലുവ HTC - യിൽ ചികിത്സ തേടുന്ന രോഗികൾക്ക് ഒരു ടെസ്റ്റിന് 200-300 രൂപ നിരക്കിൽ NAT test ചെയ്ത രക്തം നൽകാൻ സാധിക്കും എന്നും ഡോ.വിജയകുമാർ അഭിപ്രായപ്പെട്ടു.

9/10/2023

DISTRICT MEDICAL OFFICER OF HEALTH
ERNAKULAM

ആർ.ആർ

I/101021/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

നം.പി.എച്ച്2-21197/2023/ആ.വ.ഡ തീയതി: 31-10-2023

സ്വീകർത്താവ്

ഡയറക്ടർ

കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

വിഷയം: ആലുവ ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽ ന്യൂക്ലിക് ആസിഡ് ടെസ്റ്റിനു ( NAT ) സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച്

പരാമർശം: ശ്രീ അൻവർ സാദത്,എം എൽ എ,ആലുവ,ബഹു ആരോഗ്യ വകുപ്പ് മന്ത്രി ക്ക് നൽകിയ നിവേദനം

ആലുവ ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽ ന്യൂക്ലിക് ആസിഡ് ടെസ്റ്റിനു ( NAT ) സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച് ശ്രീ അൻവർ സാദത് എം എൽ എ ആലുവ ബഹു ആരോഗ്യ വകുപ്പ് മന്ത്രി ക്ക് നൽകിയ നിവേദനത്തിൽ അന്റിബോഡിയുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് NAT ടെസ്റ്റിനുള്ള സംവിധാനം ആലുവ ജില്ലാ ആശുപത്രിയിൽ ഒരുക്കേണ്ടതുണ്ട്. ആലുവ ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽ ഒരുക്കിയാൽ സർക്കാരിന്റെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള കേരളത്തിലെ മുഴുവൻ ബ്ലഡ് ബാങ്കുകൾക്കും നോഡൽ സെന്ററായി പ്രവർത്തിക്കുവാൻ സാധിക്കുമെന്ന് പറഞ്ഞിരിക്കുന്നു. പ്രസ്തുത വിഷയത്തിൽ മറുപടി നൽകുന്നതിനായി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

Signed by
Dr Nandakumar K V
Date: 31-10-2023 22:35:41

DR NANDAKUMAR K V
ADDITIONAL DIRECTOR OF HEALTH SERVICES

KERALA STATE AIDS CONTROL SOCIETY
Red Cross Road, Thiruvananthapuram - 695035 Phone : +91 2304882, 2303763
Fax : +91 471 2305183, Email : keralasacs@gmail.com | www.ksacs.kerala.gov.in

12/1/2024

KSACS

229/2012/SBTC 1/KSACS

04/01/2024

From

The Project Director

To

Dr Nandakumar K V
Additional Director of Health,
Office of Director of Health Services

Sir,

Sub: KSBTC – Nucleic Acid Test (NAT ) facility at District Hospital, Aluva – reg.

Ref: Letter No. PH2-21197/2023/DHS dated 31.10.2023

In Kerala as part of strengthening of Blood Transfusion Services initiated the use of 4th Generation ELISA screening test since 2018. The use of rapid test for screening blood units has been abolished. The introduction of 4th Generation ELISA kits drastically reduced the window period to 14 to 21 days. and of late as part of WHO baseline assessment, it was proposed to introduce CLIA screening facility in major Blood Centers having collection more than 10000 units per annum.

Kerala State AIDS Control Society / Kerala State Blood Transfusion Council introduced CLIA Screening in major Blood Centers like Medical College Hospital, Thiruvananthapuram, Alappuzha, Kottayam, Thissur, Kozhikode, Manjeri, District Hospital, Palakkad. As part of this slowly we are planning to have CLIA Screening facility in all major Blood Centers. Use of CLIA further reduce the window period to 9 to 14 days and with the help of Blood Bank Counselors and effective counseling of Blood donors the chance of transmission of HIV through Blood Transfusion was drastically reduced. No new TTI cases have been reported since 2018 in Kerala.

Introduction of NAT facility in Government Centers is not cost effective at this point of time as blood Units are issued either free of cost or at subsidized rate by Government Blood Centers. Once financial support for NAT screening is received from State Government, introduction of NAT facility in Government Blood Centers can be implemented and the request of District Hospital, Aluva may be considered.

Yours faithfully,

Project Director

# DIRECTORATE OF HEALTH SERVICES

Vanchiyoor.P.O., Thiruvananthapuram. Pin – 695035

Ph:0471-2302490 Fax:0471-2303025/2303080

**Email:**dhskerala.hlth@kerala.gov.in

**Website:** www.dhs.kerala.gov.in

No.PH2- 21197/2023/D.H.S Dated : 18-01-2024

To

Mr . Anvar Sadath (MLA)
Olikkara House
Parampayam
Nedumbasserry
Aluva.

Sub:- KSBTC - Nucleic Acid Test (NAT ) facility at District Hospital, Aluva reg.
Ref: - 1. Petition given by Mr. Anwar Sadat (MLA) to Hon'ble Minister of Health
2. Letter No. 229/2012/KSACS dated 04.01.2024.

In Kerala as part of strengthening of Blood Transfusion Services initiated the use of 4 th Generation ELISA screening test since 2018. The use of rapid test for screening blood units has been abolished. The introduction of 4th Generation ELISA kits drastically reduced the window period to 14 to 21 days and of late as part of WHO baseline assessment, it was proposed to introduce CLIA screening facility in major Blood Centers having collection more than 10000 units per annum

Kerala State AIDS Control Society / Kerala State Blood Transfusion Council introduced CLIA Screening in major Blood Centers like Medical College Hospital, Thiruvananthapuram, Alappuzha, Kottayam, Thissur, Kozhikode, Manjeri, District Hospital, Palakkad. As part of this slowly we are planning to have CLIA Screening facility in all major Blood Centers. Use of CLIA further reduce the window period to 9 to 14 days and with the help of Blood Bank Counselors and effective counseling of

Blood donors the chance of transmission of HIV through Blood Transfusion was drastically reduced. No new TTI cases have been reported since 2018 in Kerala.

Introduction of NAT facility in Govemment Centers is not cost effective at this poinl of time as blood Units are issued either free of cost or at subsidized rate by Govemmenr Blood centers.

Signed by
Dr Nandakumar K V
Date: 18-01-2024 17:34:12

yours faithfully

DR NANDAKUMAR K V
ADDITIONAL DIRECTOR (MEDICAL AND HOSF

I/208103/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

നം...പി.എച്ച്2-10833/2024/ആ.വ.ഡ തീയതി: 13-05-2024

സ്വീകർത്താവ്

പ്രൊജക്ട് ഡയറക്ടർ,
കേരള സ്റ്റേറ്റ് എയ്ഡ്സ് കണ്ട്രോൾ സൊസൈറ്റി (KSACS)

വിഷയം: ആലുവ ജനറൽ ആശുപത്രിയിൽ NAT ടെസ്റ്റ് സംവിധാനം തുടങ്ങുന്നത്- സംബന്ധിച്ച്

പരാമർശം: 1. HEALTH-FW2/358/2023-HEALTH തിരുവനന്തപുരം, തിയതി, 05-04-2024,

സൂചന സർക്കാർ കത്ത് പ്രകാരം ആലുവ ജനറൽ ആശുപത്രിയിലെ രക്ത ബാങ്കിൽ NAT ടെസ്റ്റ് സംവിധാനം തുടങ്ങണമെന്ന് ആവശ്യപ്പെട്ട് ബഹു ആരോഗ്യമന്ത്രി മുഖാന്തിരം ലഭിച്ചിട്ടുള്ള നിവേദനം പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

നിവേദനത്തിൻറെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
Dr. Reetha. K.p
Date: 15-05-2024 10:45:34

വിശ്വസ്തതയോടെ,

DR. REETHA. K.P
ADDITIONAL DIRECTOR OF HEALTH SERVICES

**KERALA STATE AIDS CONTROL SOCIETY**

Red Cross Road, Thiruvananthapuram - 695035 Phone : +91 2304882, 2303763
Fax : +91 471 2305183, Email : keralasacs@gmail.com | www.ksacs.kerala.gov.in

25/06/24
PH

KSACS

**229/2012/SBTC-I/KSACS** **22/06/2024**

From

The Project Director

To

The Director of Health Services

Sir,

**Sub: KSBTC – Nucleic Acid Test (NAT) facility at District Hospital, Aluva - reg.**

**Ref: 1. Your office letter No. PH2-10833/2024/DHS dated 13.05.2024**

**2. HEALTH-FW2/358/2023-HEALTH dated 05.04.2024**

This is to inform you that Kerala State Blood Transfusion Council has replied to Dr N Vijayakumar Blood Bank Medical Officer, District Hospital, Aluva regarding the introduction of Nucleic Acid Testing (NAT) facility at District Hospital, Aluva without financial commitment to Government. I am herewith enclosing the letter issued to Dr N Vijayakumar in this regard for your kind information.

Yours Faithfully

Project Director

KERALA STATE AIDS CONTROL SOCIETY
Red Cross Road, Thiruvananthapuram - 695035 Phone : +91 2304882, 2303763
Fax : ( ) 471 2305183, Email : keralasacs@gmail.com | www.ksacs.kerala.gov.in

KSACS

229/2012/SBTC 1/KSACS 17/05/2024

From
The Project Director

To
Dr N Vijayakumar
Blood Bank Medical Officer,
RBTC, District Hospital
Aluva

Sir,

Sub: KSBTC – Nucleic Acid Test (NAT ) facility at District Hospital, Aluva – reg.

Ref: e-mail from Dr N Vijayakumar dated 12.05.2024

This is to inform you that Kerala State Blood Transfusion Council do not have any objection in starting NAT facility in the Blood Center District Hospital, Aluva using available funds of District Hospital, Aluva.

The Blood Centre District Hospital, Aluva may ensure the National Blood Transfusion Council guidelines of free Blood units. It is mandatory for all Blood Centers (Government supported and Non-Government supported) to provide blood / blood components free of cost to the following patients, who require repeated blood transfusion as a life saving measure:-

- Thalassemia Patients
- Hemophilia Patients
- Sickle Cell Anemia Patients
- BPL
- Any other blood dyscrasia requiring repeated blood transfusions

The processing charges levied on the NAT tested Blood units should not exceed the sealing set by National Blood Transfusion Council / Kerala State Blood Transfusion Council.

This is for your information and necessary action.

Yours faithfully,

Project Director